DESPATCHED
On.01.01.22

11/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 414*(7)/2015*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2669** /*എസ്.ഐ.സി–ജി 6/2015*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജോബി പൌലോസ് മംഗലക്കാരൻ,
20, 21st ക്രോസ്സ് പ്രഗതി ലെ ഔട്ട്,
ദൊണ്ടനെക്കണ്ടി പി.ഒ., ബാംഗ്ലൂർ,
പിൻ – 683 576.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   വില്ലേജ് ഓഫീസർ,
   കൊടകര.

2. അപ്പീൽ അധികാരി&
   തഹസിൽദാർ,
   താലൂക്ക് ഓഫീസ്,
   ചാലക്കുടി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.11.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.12.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.01.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07.02.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.02.2015 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു. |

## <u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജോബി പൗലോസ്, 07.02.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 20.02.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.414(7)/15/SIC** ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി പൂർണ്ണമായും തൃപ്തികര മല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീക രിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 10.11.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.01.2015ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, 10.11.2014ന് ടിയാൻ സമർപ്പിച്ച അപേ ക്ഷ ആയതിന് എതിർകക്ഷി നൽകിയ മറുപടി എന്നിവ പരിശോധിച്ചതിൽ ടിയാന്റെ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിനൊഴികെയുള്ളവയ്ക്ക് നൽകിയ മറുപടിയിൽ തൃപ്തനാകാതെയാണ് അപ്പീൽ ഹർജി സമർപ്പിച്ച തെന്നു കാണുന്നുവെന്നും ടിയാന്റെ അപേക്ഷയിലെ 2 മുതൽ 6വരെയുള്ള വയ്ക്ക് മറുപടി നൽകുന്നതിനുള്ള വിവരങ്ങൾ വളരെയധികം രജിസ്റ്ററുക ളിൽ നിന്നും ലഭിക്കേണ്ടതാണെന്നും ഇക്കാര്യം ടിയാനെ കൂടിക്കാഴ്ചയിൽ ബോധ്യപ്പെടുത്തുകയും ടി വിവരങ്ങൾ പരിശോധിച്ച് ആവശ്യമായവ നൽകാമെന്ന് എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുണ്ടെന്നും ടി നിരീക്ഷണ ങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന് ആവശ്യമായ രേഖകൾ ലഭ്യമാ ക്കുന്നതിന് വിവരാവകാശ നിയമം അനുശാസിക്കും പ്രകാരം കൊടകര വില്ലേജ് ഓഫീസിലെ അനുബന്ധ രേഖകൾ പരിശോധിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും ടിയാന് ആവശ്യമായ പകർപ്പുകൾ നിയമാനു സരണം നൽകുന്നതിനും ഉത്തരവായെന്നുമാണ്.

4.രണ്ടാം എതിർകക്ഷി 19.03.2015ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 10.11.2014ന് സമർപ്പിച്ച അപേക്ഷയിൽ സർവ്വെ 707/1 മുതൽ 707/7 വരെയുള്ള സർവ്വെ സബ് ഡിവിഷനുകളെ സംബന്ധിച്ചും വിസ്തീർണ്ണം സംബന്ധിച്ചുമുള്ള ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നും 2 മുതൽ 6വരെയുള്ള ചോദ്യങ്ങളിലൂടെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് ആവശ്യമായ രേഖകൾ വളരെയധികം സമയം ചെലവഴിച്ച് കണ്ടെത്തേണ്ടതിനാൽ ഓഫീസ് പ്രവൃത്തി സമയത്ത് നേരിട്ട് ഹാജരായി നിയമാനുസൃതം രേഖകൾ പരിശോധിക്കുന്നതിനും ആവശ്യമായ പകർപ്പെടുക്കുന്നതിനും എസ്.പി.ഐ.ഒ. നിർദ്ദേശം നൽകിയതിൽ തൃപ്തനാകാതെയാണ് അപ്പീൽ ഹർജി സമർപ്പിച്ചതെന്നുമാണ്. ടി അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരനെയും എസ്.പി.ഐ.ഒ.യെയും നേരിൽ കേട്ടതിനുശേഷം നിയമാനുസൃതം രേഖകൾ പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ എടുക്കുന്നതിന് 20.01.2015ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ആയതുപ്രകാരം ആവശ്യമായ രേഖകളുടെ പകർപ്പുകൾ ഹർജിക്കാരൻ കൊടകര വില്ലേജിൽ നിന്നും ശേഖരിച്ചിട്ടുള്ളതാണെന്നും ഇപ്രകാരം വിവരാവകാശ നിയമപ്രകാരമുള്ള ആവശ്യങ്ങൾ പരിഹരിക്കപ്പെട്ടതായി കാണുന്നുവെന്നുമാണ്. കൂടാതെ കൊടകര വില്ലേജ് ഓഫീസിലെ കൈവശങ്ങൾ സംബന്ധിച്ച വിവരങ്ങൾ സർവ്വെ നമ്പറിന്റെ അടിസ്ഥാനത്തിലല്ല, തണ്ടപ്പേർ നമ്പർ പ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാൽ സർവ്വെ റിക്കാർഡ് പ്രകാരമുള്ള ഭൂവിസ്തൃതിയും നികുതി അടക്കുന്ന ഭൂവിസ്തൃതിയും ക്രോസ്സ് ചെക്ക് ചെയ്യുന്നത് 16000ൽ അധികം തണ്ടപ്പേർ നമ്പറുകൾ ഉള്ള വില്ലേജ് എന്നതുകൂടി കണക്കിലെടുക്കുമ്പോൾ പ്രായോഗികമായി വളരെ ബുദ്ധിമുട്ടുള്ള ഒരു വിഷയമാണെന്നും റീസർവ്വെ പൂർത്തിയാക്കുന്ന മുറയ്ക്കേ ഇതിന് ഒരു ശാശ്വതമായ പരിഹാരം കാണാൻ സാധിക്കുകയുള്ളുവെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ടിയാന്റെ

അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നിഷേധിച്ചുവെന്നുമാണ്. മൊഴിയും അനുബന്ധ രേഖകളും 24.12.2021ലെ റിപ്പോർട്ടും പരിശോധിച്ചതിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 11–ാം തീയതി കമ്മീഷൻ ഇപ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *